# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ: 6663 09.11.2016- ലെ മറുപടിയ്ക്ക്

**കൊട്ടാരക്കര ജില്ലാ ട്രഷറി**

**ചോദ്യം** **ഉത്തരം**

ശ്രീമതി.പി. അയിഷാ പോറ്റി

ഡോ. റ്റി.എം. തോമസ് ഐസക്
ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | | |
|---|---|---|
| (എ) | കൊട്ടാരക്കര ജില്ലാ ട്രഷറി എത്ര നാളായി വാടക കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നു; | കൊട്ടാരക്കര ജില്ലാ ട്രഷറി 02.08.1984 മുതൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നു. |
| (ബി) | പ്രസ്തുത ട്രഷറിക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി ജലവിഭവ വകുപ്പ് വക സ്ഥലം ലഭ്യമാക്കിയിരുന്നോ; | ട്രഷറിക്ക് കെട്ടിടം സജ്ജമാക്കുന്നതിലേക്കായി ജലവിഭവ വകുപ്പിന്റെ കൈവശമുണ്ടായിരുന്ന സിമന്റ് ഗോഡൗൺ വിട്ടുനൽകിയിരുന്നു. |
| (സി) | പ്രസ്തുത സ്ഥലം പ്രയോജനപ്പെടുത്തി ട്രഷറിക്ക് കെട്ടിടം നിർമ്മിക്കാൻ നടപടി സ്വീകരിച്ചിരുന്നോ; വിശദാംശങ്ങൾ നൽകുമോ? | ജലവിഭവ വകുപ്പ് കൊട്ടാരക്കര ജില്ലാ ട്രഷറിക്ക്, കെട്ടിടം സജ്ജമാക്കുന്നതിലേക്കായി ലഭ്യമാക്കിയിരുന്ന സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങളൊന്നും തന്നെ തുടങ്ങിയിരുന്നില്ല. കെ.ഐ.പി-യുടെ സിമന്റ് ഗോഡൗണിന്മേൽ ട്രഷറിക്കായി ഓണർഷിപ്പ് / കൈവശാവകാശ സർട്ടിഫിക്കറ്റ് എന്നിവ റവന്യൂ അധികാരികളിൽ നിന്നും ലഭ്യമാകാത്തതിനാലാണ് പുതിയ ട്രഷറി കെട്ടിടം നിർമ്മിക്കാതിരുന്നത്.<br>കൊട്ടാരക്കര മിനി സിവിൽ സ്റ്റേഷൻ സമുച്ചയത്തിൽ ജില്ലാ ട്രഷറിക്കായി ആവശ്യമായ സ്ഥലം ഇതിനോടകം അനുവദിക്കപ്പെട്ടിട്ടുണ്ട്. സിവിൽ സ്റ്റേഷനിലെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ജില്ലാ ട്രഷറി പ്രസ്തുത സിവിൽ സ്റ്റേഷൻ സമുച്ചയത്തിലേക്ക് മാറ്റി സ്ഥാപിക്കുന്നതാണ്.കൂടാതെ ജലവിഭവ വകുപ്പിന്റെ ഗോഡൗൺ കെ.ഐ.പി അസിസ്റ്റന്റ് എഞ്ചിനീയർക്ക് തിരികെ നൽകുന്നതിനുള്ള നടപടി |

| | | | |
|---|---|---|---|
| | | | സ്വീകരിക്കുവാൻ കൊട്ടാരക്കര ജില്ലാ ട്രഷറി ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ